സ്വീകർത്താവ്,

ഹെഡ്മാസ്റ്റർ

15521

സൂചന : സ്കൂളുകളിലും സ്കൂളുകളുടെ നൂറ് മീറ്റർ ചുറ്റളവിലും പുകയില ഉത്പന്നങ്ങളുടെ ഉപയോഗം, വിൽപ്പന, വിതരണം എന്നിവ നിരോധിയ്ക്കുന്ന കേന്ദ്രപുകയില നിയന്ത്രണ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച്.

റഫറൻസ് : ഈ ഓഫീസിൽ നിന്നും C2 5.......... നമ്പറായി അയച്ച കത്ത്

നമ്മുടെ ജില്ലയെ പുകയില രഹിതജില്ലയായി ജില്ലാ ഭരണ കൂടം പ്രഖ്യാപിച്ചിട്ട് ഒരു വർഷം പിന്നിട്ടുകഴിഞ്ഞു. പ്രഖ്യാപനത്തിന്റെ ഭാഗമായുള്ള പുകയിലനിയന്ത്രണ പരിപാടികൾ പൂർവ്വാധികം ശക്തിപ്പെടുത്തി വാർഷികാഘോഷ പരിപാടികൾക്ക് രൂപം കൊടുത്തുകൊണ്ടിരിയ്ക്കുകയാണ് ഓരോ ദിവസവും 2500-ൽ അധികം ആളുകളുടെ മരണത്തിന് കാരണമാവുന്ന പുകയില ഉപയോഗം മാനവരാശിയുടെ ചരിത്രത്തിലെ ഏറ്റവും അപകടകാരിയായ ഉപഭോഗവസ്തുവാണ്. ഒരിയ്ക്കൽ അടിമപ്പെട്ടാൽ, പുറത്തുകടക്കാൻ വൈഷമ്യമുള്ള ദുശ്ശീലമായ പുകവലിയ്ക്കും പുകയില ഉപഭോഗത്തിനും എതിരെ വരും തലമുറയെ ബോധവത്ക്കരിക്കേണ്ടതും അടിമപ്പെടുത്താതെ സംരക്ഷിയ്ക്കേണ്ടതും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടേയും കർത്തവ്യമാണ്. ഓരോവർഷവും മരണപ്പെടുന്ന ഉപഭോക്താവിനു പകരം പുകയില കമ്പനികൾ കുട്ടികളെയാണ് ലക്ഷ്യം വയ്ക്കുന്നത്.

ആയതിനാൽ സ്കൂളുകളും, രക്ഷിതാക്കളും, അദ്ധ്യാപകരും ഈ മഹാവിപത്തിന്റെ വ്യാപനത്തിനെതിരെ ജാഗരൂകരായിരിയ്ക്കണം.

നമ്മുടെ ഗവൺമെന്റ് ശക്തമായ ഒരു പുകയില നിയന്ത്രണ നിയമം പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത നിയമ പ്രകാരം സ്കൂളുകളുടെയൊ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയൊ, നൂറ് മീറ്റർ ചുറ്റളവിൽ യാതൊരുവിധ പുകയില ഉത്പന്നങ്ങളുടെ ഉപയോഗമോ, വിതരണമോ, വില്പനയോ, പരസ്യപ്പെടുത്തലുകളൊ പാടുള്ളതല്ല. നൂറ് മീറ്റർ ചുറ്റളവ് എന്നത് സ്കൂൾ മതിലിന്റെ അല്ലെങ്കിൽ സ്കൂൾ പ്രവർത്തിയ്ക്കുന്ന സ്ഥലത്തിന്റെ അതിർത്തിയിൽ നിന്ന് കണക്കാക്കേണ്ടതാണ്. നമ്മുടെ കുട്ടികളെ ഒരു മഹാവിപത്തിൽനിന്നും രക്ഷിയ്ക്കാനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശ്രമമായിക്കണ്ട് ഈ നിയമത്തിന്റെ നടപ്പാക്കൽ നാം ഏറ്റെടുക്കേണ്ടതാണ്. പുകയിലരഹിത കോട്ടയം പട്ടണത്തിന്റെ ഭാഗമായി നമ്മുടെ എല്ലാ പ്രധാന അദ്ധ്യാപകർക്കും പുകയില നിയമ ലംഘനത്തിനെതിരെ ചെല്ലാൻ നൽകി പിഴ ചുമത്താൻ അധികാരം നൽകിയിട്ടുണ്ട്. ഈ അധികാരം യഥാവിധി വിനിയോഗിച്ച് നമ്മുടെ സ്കൂളുകളും പരിസരങ്ങളും പുകയില രഹിതമായി പ്രഖ്യാപിയ്ക്കണം.